

WEDNESDAY 25-01-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)–25/01/2023.

1. നെടുമങ്ങാട് കല്ലിങ്ങൽ ജംഗ്ഷനുസമീപം ജനുവരി 24 മുതൽ 28 വരെ നീളുന്ന കാർഷിക പ്രദർശനങ്ങളുടെ ഉദ്ഘാടനം ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി അഡ്വ.ജി.ആർ.അനിൽ നിർവ്വഹിച്ചു. വൈകുന്നേരം രണ്ടു മണിക്ക് ബ്ലോക്കിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാർ, ജില്ലാകളക്ടർ, വകുപ്പ്മേലധികാരികൾ എന്നിവരുമായി വിവിധ കാർഷികപദ്ധതികളുടെ ഏകോപനവും ജില്ലയിലെ കൃഷിക്കൂട്ടങ്ങളിലൂടെയുള്ള കാർഷികഉത്പന്നങ്ങളുടെമൂല്യവർദ്ധനവിന്റെ സാധ്യതകളും കൃഷിവകുപ്പ് മന്ത്രി പി.പ്രസാദ് ചർച്ച ചെയ്യും. ജനുവരി 27ന് കൃഷി വകുപ്പ് മന്ത്രിയും, ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രിയും ബ്ലോക്കിലെ വിവിധ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകരുമായും കർഷക സംഘങ്ങളുമായും സംവദിക്കുകയും, 28ന് പകൽ കർഷകരുടെ നിവേദങ്ങൾക്ക് പരിഹാരം കണ്ടെത്തുവാനായി കർഷക അദാലത്തും നടത്തും. 28 ന് വൈകിട്ട് 3 മുതൽ കൃഷിക്കൂട്ട സംഗമവും പൊതുസമ്മേളനവും പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി നിർവ്വഹിക്കും. കൃഷിമന്ത്രി പി. പ്രസാദ് അധ്യക്ഷനാകുന്ന യോഗത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി അഡ്വ. ജി. ആർ. അനിൽ അവാർഡ്ദാനവും, ഗതാഗതവകുപ്പ് മന്ത്രി ആന്റണി രാജു മാതൃക ഹരിതപോഷകഗ്രാമപ്രഖ്യാപനവും നിർവ്വഹിക്കും. മികച്ച കർഷകർക്കും, കർഷകസംഘങ്ങൾക്കും അവാർഡുകൾ നൽകും. ''കൃഷിദർശൻ' -നോട് അനുബന്ധിച്ച് മാധ്യമ അവാർഡുകൾ നൽകുന്നു. തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ ഒരു വർഷത്തിൽ കാർഷിക- അനുബന്ധ മേഖലയിൽ മാധ്യമങ്ങൾ മുഖേനയുള്ള കാർഷിക വിജ്ഞാന വ്യാപനവും കൃഷി സംബന്ധമായ വാർത്താ പ്രചരണവും നടത്തിയിട്ടുള്ള റിപ്പോർട്ടർമാർക്ക് / മാധ്യമങ്ങൾക്ക് ആണ് അവാർഡ് നൽകുന്നതെന്നു ജില്ലാ കൃഷി ഓഫീസർ അറിയിച്ചു. അച്ചടി- ദൃശ്യ- ശ്രവ്യ വിഭാഗങ്ങളിൽ പ്രത്യേകം ആണ് അവാർഡ് നോമിനേഷനുകൾ ക്ഷണിച്ചിട്ടുള്ളത്. കാർഷിക -അനുബന്ധ മേഖലയിൽ കഴിഞ്ഞ ഒരു വർഷം നൽകിയിട്ടുള്ള റിപ്പോർട്ടുകളുടെയും ഫോട്ടോകളുടെയും പകർപ്പുകളോടൊപ്പം സ്വയം തയ്യാറാക്കിയിട്ടുള്ള അപേക്ഷകൾ 25.01.2023 ബുധനാഴ്ച്ച 5 മണിക്ക് മുൻപായി ddettvpm@gmail.com എന്ന ഇ-മെയിലിലേക്ക്

അയക്കേണ്ടതാണ്. മികച്ച എൻട്രികൾക്ക് 28.01.2023 ന് നടക്കുന്ന സമാപന സമ്മേളനത്തിൽ വച്ച് അവാർഡുകൾ നൽകുന്നതാണ്.

2. കാർഷിക മേഖലയുടെ സമഗ്ര വികസനവും കർഷക വരുമാന വർദ്ധനവും മുന്നിൽ കണ്ടുകൊണ്ട് സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളായ വാം (VAAM), കാബ്കോ(KABCO), എന്നിവ സംസ്ഥാനത്തിന്റെ കാർഷിക പുനരുജ്ജീവനത്തിന് ഏറെ പ്രതീക്ഷ നൽകുന്ന പദ്ധതികളാണെന്ന് കൃഷിമന്ത്രി പി. പ്രസാദ് അഭിപ്രായപ്പെട്ടു. ഉത്പാദന വർദ്ധനവിലൂടെയും മൂല്യ വർദ്ധനവിലൂടെയും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും കേരളത്തിന്റെ കാർഷിക പരിസ്ഥിതിക്ക് അനുയോജ്യമായ കാലാവസ്ഥ അനുരൂപ കാർഷിക മാതൃകകൾ അവലംബിക്കുന്നതിനുമായി മൂല്യവർദ്ധിത കൃഷി മിഷൻ (VAAM) ഇതിനകം തന്നെ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ സംയോജിതമായ ഇടപെടലുകൾ മിഷന്റെ പ്രവർത്തനത്തിൽ ഉണ്ടാകുമെന്നും മന്ത്രി സൂചിപ്പിച്ചു. സർക്കാരിന്റെ നയ പ്രഖ്യാപനത്തിൽ രണ്ടു പദ്ധതികൾക്കും നൽകിയിട്ടുള്ള പ്രാധാന്യം കാർഷിക മേഖലയുടെ വളർച്ചയ്ക്കു കൂടുതൽ കരുത്തു പകരുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

3. സംസ്ഥാന ക്ഷീരകർഷക സംഗമം 2023 നോട് അനുബന്ധിച്ച് ക്ഷീരകർഷകർ, ക്ഷീരസഹകരണ സംഘങ്ങൾ, മിൽമ, മൃഗസംരക്ഷണ വകുപ്പ് KDFWF, KLDB മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള പരാതികൾ തീർപ്പാക്കുന്നതിന് വേണ്ടി ക്ഷീരവികസന വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നു ക്ഷീര വികസന/ മൃഗസംരക്ഷണ വകുപ്പ്, മിൽമ, ഷീരസ്വാന്തനം ഇൻഷുറൻസ്, കേരള ക്ഷീര കർഷക ക്ഷേമനിധി എന്നിവയുമായി ബന്ധപ്പെട്ട പരാതികളും ക്ഷീരസഹകരണ സംഘങ്ങളുടെ ആഡിറ്റ്, ആഡിറ്റ് ന്യൂനത വസ്തു/ കെട്ടിടത്തിനുള്ള അംഗീകാരം ക്ഷീര സംഘം ജീവനക്കാരുടെ സേവന -വേതന വ്യവസ്ഥകൾ, മിൽമ, സംഘങ്ങൾ/വിതരണക്കാർ ഉപഭോക്താക്കൾ എന്നിവ സംബന്ധിച്ച പരാതികൾ അദാലത്തിൽ സമർപ്പിക്കാവുന്നതാണ്. പരാതികൾ **സംസ്ഥാന ക്ഷീരസംഗമം ഫയൽ അദാലത്ത് എന്ന തലക്കെട്ടിൽ** ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസന വകുപ്പ് ജില്ലാ കാര്യാലയം, പട്ടം, പി ഒ, 695004 എന്ന വിലാസത്തിൽ **ജനുവരി 25** നു മുൻപായി ലഭിക്കണം. പരാതികൾ dairyddtvm@gmail.com എന്ന വിലാസത്തിലും അയക്കാവുന്നതാണ്.

4. കേരള കാർഷിക സർവ്വകലാശാലയുടെ, മണ്ണുത്തിയിലെ കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രത്തിൽ, അവോക്കാഡോ ഗ്രാഫ്റ്റ് തൈകൾ ലഭ്യമാണ്. വില 100/- രൂപ. ബുക്കിങ്ങ് ഉണ്ടായിരിക്കുന്നതല്ല എന്ന് കേരള കാർഷിക സർവ്വകലാശാല പബ്ലിക് റിലേഷൻ ഓഫീസർ അറിയിക്കുന്നു. (ഫോൺ നമ്പർ 9496116596)

**പരിശീലന പരിപാടികൾ**

5. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഈ മാസം **27, 28** (27.01.2023,28.01.2023) തീയതികളിൽ മത്സ്യ സംസ്കരണത്തിലെ സംരംഭകത്വം പരിശീലനം എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **6282937809, 0466– 2912008, 0466 –2212279** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണെന്ന് പാലക്കാട് കൃഷി വിജ്ഞാനകേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ അറിയിച്ചു.

6. കേരള കാർഷിക സർവകലാശാല, വിജ്ഞാപനവ്യാപന ഡയറക്ടറേറ്റിന്റെ കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ ഫാം ബിസിനസ്സ് സ്കൂളിന്റെ അഞ്ചാമത്തെ ബാച്ച് ഫെബ്രുവരി 2 മുതൽ ആരംഭിക്കുന്നു. വിദ്യാഭ്യാസ യോഗ്യത ഹയർസെക്കൻഡറി. അപേക്ഷഫീസ് 5000 രൂപയാണ്. **ഈ മാസം 27 (ജനുവരി 27)** ആണ് അപേക്ഷ നൽകേണ്ട അവസാന തീയതി. കൂടുതൽ വിവരങ്ങൾക്ക് **0487 2371104** എന്ന ഫോൺ നമ്പരിലോ, cti@kau.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. റബ്ബർമരങ്ങളെ ബാധിക്കുന്ന മഞ്ഞുകാലരോഗങ്ങൾ, വേരുരോഗങ്ങൾ എന്നിവയെക്കുറിച്ചും അവയുടെ നിയന്ത്രണമാർഗ്ഗങ്ങളെക്കുറിച്ചും അറിയാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതു സംബന്ധിച്ച ചോദ്യങ്ങൾക്ക് **ഇന്ന്** (25.01.2023) രാവിലെ പത്തു മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ **0481 2576622.**